'190207/2024

# FORM OF QUOTATION NOTICE

| | |
|---|---|
| ക്വട്ടേഷൻ നമ്പരും തീയതിയും | ADFW/13243/2023-TG2 Dated 06-03-2024 |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | 12.03.2024, 1:00 p.m. |
| ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും | 12.03.2024, 3:00 p.m. |
| ക്വട്ടേഷനിൽ രേഖപ്പെടുത്തുന്ന നിരക്ക് ബാധകമായിരിക്കേണ്ട അവസാന തീയതി | 31.05.2024 |
| ക്വട്ടേഷൻ സമർപ്പിക്കേണ്ട ഓഫീസറുടെ ഉദ്യോഗപ്പേരും ഔദ്യോഗിക മേൽവിലാസവും | ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം - 33 |
| മേലെഴുത്ത്: **കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി** Toyota Innova Crysta (full option) (motor cab) **വാഹനം ഒരു വർഷത്തേയ്ക്ക് മാസ വാടക അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്നതിനായി** ക്ഷണിക്കുന്ന **ക്വട്ടേഷൻ.** | |

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി Toyota Innova Crysta (full option) (motor cab) വാഹനം ഒരു വർഷത്തേയ്ക്ക് മാസ വാടക അടിസ്ഥാനത്തിൽ വാടകയ്ക്ക് ഓടിക്കുന്നതിനായി ടാക്സി വാഹനങ്ങൾ മാസവാടക നിരക്കിൽ ലഭ്യമാക്കുന്ന വ്യക്തികളിൽ നിന്ന് / സ്ഥാപനങ്ങളിൽ നിന്ന് മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ സീൽ വച്ച കവറുകളിൽ ക്ഷണിക്കുന്നു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും, ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും, ക്വട്ടേഷനിൽ രേഖപ്പെടുത്തുന്ന നിരക്ക് ബാധകമായിരിക്കേണ്ട അവസാന തീയതിയും, ക്വട്ടേഷൻ സമർപ്പിക്കേണ്ട ഓഫീസറുടെ ഉദ്യോഗപ്പേരും ഔദ്യോഗിക മേൽവിലാസവും മുകളിൽ സൂചിപ്പിച്ചിരിക്കുന്നു. നിശ്ചിത തീയതിയ്ക്കും സമയത്തിനു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല. ക്വട്ടേഷൻ അംഗീകരിച്ച് ഉത്തരവ് നൽകിയതിനുശേഷം വാഹനം ലഭ്യമാക്കുവാൻ ആവശ്യമായ പരമാവധി സമയം ക്വട്ടേഷനിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷൻ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വ്യവസ്ഥകൾ |
|---|---|
| 1 | കൃഷി വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി Toyota Innova Crysta (full option) (motor cab) വാഹനം ഒരു വർഷത്തേയ്ക്ക് മാസ വാടക അടിസ്ഥാനത്തിൽ വാടകയ്ക്ക് നല്കേണ്ടതാണ്. |
| 2 | ഒരു മാസത്തിൽ കുറഞ്ഞത് 1500 കിലോ മീറ്റർ ഓടുന്നതിനുള്ള വാടക ഒരുമിച്ച് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. തുക (രൂപ) അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്. 1500 കിലോ മീറ്ററിൽ കൂടുതൽ ഓടേണ്ടതിനുള്ള വാടക ഒരു കിലോമീറ്ററിന് Rs. ......... (രൂപ ..........................................................മാത്രം) എന്ന നിരക്കിൽ രേഖപ്പെടുത്തേണ്ടതാണ്. |
| 3 | ക്വട്ടേഷൻ അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുമായി ₹200/- രൂപ (രൂപ ഇരുന്നൂറ് മാത്രം) കേരള സ്റ്റാമ്പ് പേപ്പറിൽ സ്വന്തം ചെലവിൽ വാടക വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. അല്ലാത്തപക്ഷം മേൽ ഉത്തരവ് റദ്ദാക്കുന്നതായിരിക്കും. |
| 4 | ക്വട്ടേഷൻ അംഗീകരിച്ചതിനു ശേഷം പിന്മാറുന്നതും, ക്വട്ടേഷനിൽ പറയുന്ന സമയത്തിനുള്ളിൽ കരാർ ഉടമ്പടിയിലേർപ്പെടാതിരിക്കുന്നതും, കരാർ ഉടമ്പടിയിലേർപ്പെട്ടതിനുശേഷം ഉടമ്പടി വ്യവസ്ഥകൾ പ്രകാരം സേവനം ലഭ്യമാക്കാതിരിക്കുന്നതും മേൽ ഉത്തരവ് റദ്ദാക്കുന്നതിന് കാരണമായിരിക്കും. |

| | |
|---|---|
| | |
| 5 | കരാർ കാലാവധിയ്ക്കുള്ളിൽ കരാറിൽ ഏർപ്പെട്ട നിരക്കിൽ നിന്നും യാതൊരു കാരണവശാലും കൂടുതൽ നിരക്ക് ആവശ്യപ്പെടുവാൻ പാടുള്ളതല്ല. |
| 6 | കരാറിൽ രേഖപ്പെടുത്തുന്ന നിരക്ക് GST ഉൾപ്പെടാതെയുള്ള നിരക്കായിരിക്കണം. |
| 7 | ഈ ആവശ്യത്തിലേയ്ക്കായി നല്കുന്ന വാഹനത്തിന്റെ വിവരങ്ങൾ ഇതോടൊപ്പം ചേർക്കേണ്ടതാണ്.<br><br>Vehicle No:<br><br>Make:<br><br>Model: |
| 8 | ഈ ഓഫീസിൽ നിന്നും ആവശ്യപ്പെടുന്ന ദിവസങ്ങളിൽ ആവശ്യപ്പെടുന്ന സമയത്ത് പ്രസ്തുത വാഹനവുമായി ഡ്രൈവർ ഹാജരാകേണ്ടതാണ്. |
| 9 | വാഹനത്തിന്റെ ഡീസൽ, അറ്റകുറ്റപ്പണികൾ, വാഹനത്തെ സംബന്ധിച്ച് ഗവണ്മെന്റിൽ അടയ്ക്കേണ്ട വിവിധ നികുതികൾ, ഇൻഷ്വറൻസ്, പെർമിറ്റ്, ടോൾ ഗേറ്റ് ഫീസ്, പുക പരിശോധന, MVD/Police ചുമത്തുന്ന പിഴ തുടങ്ങിയവ കരാറുകാരന്റെ ചുമതലയിലായിരിക്കുന്നതാണ്. |
| 10 | വാഹനത്തിന്റെ ഇൻഷ്വറൻസ്, പെർമിറ്റ്, ഡ്രൈവറുടെ ലൈസൻസ്, ബാഡ്ജ് എന്നിവ യഥാസമയം പുതുക്കേണ്ടതും, വിവിധ നികുതികൾ യഥാസമയം അടയ്ക്കേണ്ടതും ആയതിന്റെ പകർപ്പുകൾ ഈ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്. |

| | |
|---|---|
| | |
| 11 | യാത്ര പോകുന്ന സ്ഥലവും, തീയതിയും പുറപ്പെടുന്ന സമയവും, കിലോമീറ്റർ റീഡിംഗും, ദൂരവും ഈ ഓഫീസിൽ നിന്നും നല്കുന്ന ലോഗ് ബുക്കിൽ യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥനെക്കൊണ്ട് രേഖപ്പെടുത്തി ഒപ്പ് വയ്പിച്ച് വാഹനത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന മുറയ്ക്ക് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്. |
| 12 | പ്രസ്തുത വാഹനം തകരാറിലാവുകയാണെങ്കിൽ കരാറുകാരൻ പകരം ഇതേ തരത്തിലുള്ള വാഹനം ഏർപ്പെടുത്തി തരേണ്ടതാണ്. പകരം ഏർപ്പെടുത്തുന്ന വാഹനത്തിന്റെ നമ്പർ, മേക്ക്, മോഡൽ എന്നിവ മുൻകൂറായി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. |
| 13 | വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് വാഹനം ഓടിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ പകരം ഡ്രൈവറെ ഏർപ്പെടുത്തേണ്ടതും ആയത് മുൻകൂട്ടി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. |
| 14 | വാടക തുക ഒരു മാസത്തേയ്ക്ക് ഒന്നായി ഈ ഓഫീസിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാറി നല്കുന്നതാണ്. |
| 15 | ഒരു മാസത്തേയ്ക്കുള്ള ആകെ വാടക (ഡീസൽ, ഡ്രൈവറുടെ കൂലി ഉൾപ്പെടെ എല്ലാ ചെലവുകളും ചേർത്തുള്ളത്) രൂപയിൽ രേഖപ്പെടുത്തേണ്ടതാണ് (അക്കത്തിലും അക്ഷരത്തിലും) |
| 16 | കേരള സംസ്ഥാനത്തിനകത്ത് എല്ലാ ജില്ലകളിലും യാത്ര പോകേണ്ടതായി വരുന്നതാണ്. |

| | |
|---|---|
| 17 | ക്വട്ടേഷനിൽ പറയാത്തതും രേഖാമൂലം പ്രകടമായി അംഗീകരിക്കാത്തതുമായ യാതൊരു പ്രത്യേക നിബന്ധനകളും ക്വട്ടേഷനിൽ രേഖപ്പെടുത്തുകയോ പ്രത്യേകമായി കൂട്ടി ചേർത്തു സമർപ്പിക്കുകയോ ചെയ്യുന്നത് സ്വീകാര്യമല്ലാതിരിക്കുന്നതാണ്. |

SEERAM SAMBASIVA RAO IAS

DIRECTOR

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം - 33
തീയതി: 06-03-2024